**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2204 — 20.06.2012-ൽ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പകർച്ചവ്യാധികൾ തടയാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യസംസ്കരണം പൊതുവിൽ വിജയകരമായി നടക്കാതിരിക്കുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുള്ള എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) സംസ്ഥാനത്ത് പകർച്ച വ്യാധികളെ ഫലപ്രദമായി പ്രതിരോധിക്കുവാനും, നിയന്ത്രിക്കുവാനും ഈ വർഷം ജനുവരി മാസം മുതൽ തന്നെ സംസ്ഥാന സർക്കാർ 'സമഗ്ര' എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി രോഗനിരീക്ഷണം ശക്തിപ്പെടുത്തൽ, കൊതുക്-കൂത്താടി നശീകരണം, ക്ലോറിനേഷൻ, ആരോഗ്യബോധവൽകരണം തുടങ്ങിയ പ്രവർത്തനങ്ങൾ വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടു കൂടി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു. |
| ബി) ആയതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ട് ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പദ്ധതികൾ പുതുതായി ആവിഷ്ക്കരിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ? | ബി) പകർച്ചവ്യാധികളെ പ്രതിരോധിക്കാനും, നിയന്ത്രിക്കുവാനും കർമ്മ പദ്ധതികൾ സംസ്ഥാനത്ത് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടിയാണ്. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിലും, നഗര പ്രദേശങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതര വകുപ്പുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള യോഗങ്ങൾ ചേർന്നാണ് അതത് പ്രദേശത്ത് നടപ്പിലാക്കേണ്ട രോഗനിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. ഇതിന്റെ ഭാഗമായി പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നത് സംബന്ധിച്ച് 27.04.2012-നും, 02.05.2012-നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത അടിയന്തിര യോഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്യേണ്ട പ്രവർത്തനങ്ങളെ ക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ